# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 16, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 280)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 7058 മുതൽ 7187 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 7188 മുതൽ 7249 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 7250 മുതൽ 7287 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 7288 മുതൽ 7337 വരെ |

## അദ്ധ്യാപികമാരോട് പച്ച ബ്ലൗസ് ധരിച്ച് ഹാജരാകാൻ നിർദ്ദേശിച്ച സംഭവം

7058 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങളുടെ ഉത്ഘാടന വേദിയിൽ പച്ച ബ്ലൗസ് ധരിച്ച് ഹാജരാകാൻ അദ്ധ്യാപികമാർക്ക് നിർദ്ദേശം നല്കി ഏതെങ്കിലും ആഫീസർ കത്തയച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇങ്ങനെ നിർദ്ദേശം നല്കിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു തലം വരെയുള്ള സിലബസുകൾ

7059 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു തലംവരെ ഏതെല്ലാം സിലബസുകളിലാണ് വിദ്യാർത്ഥികൾക്ക് പഠനത്തിന് അവസരമൊരുക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത സംവിധാനം ഒരേ സ്കൂളിൽതന്നെ നിലനിൽക്കുന്നതും അത് വഴി വിദ്യാർത്ഥികളിലും മാതാപിതാക്കളിലും ഉണ്ടാക്കിയിരിക്കുന്ന അസമത്വവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം വിവേചനം അവസാനിപ്പിയ്ക്കുന്നതിന് സമത്വസാമൂഹികസ്ഥിതി വളർത്തിയെടുക്കുന്നതിന് ഒരു ഏകീകൃത സിലബസ് സമ്പ്രദായം നടപ്പിലാക്കുന്നതിനും അത്തരമൊരു സംവിധാനം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്കൂള്‍ മാനേജ്മെന്റ് കമ്മിറ്റികള്‍</u>

7060 ശ്രീ. ഇ. പി. ജയരാജന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, കെ. കെ. ജയചന്ദ്രന്‍
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്കൂള്‍ മാനേജ്മെന്റ് കമ്മിറ്റികള്‍ രൂപീകരിക്കാന്‍ ഉത്തരവായിട്ടുണ്ടോ ; എങ്കില്‍ ഇതിന്റെ മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ് ;

(ബി) ഈ കമ്മിറ്റികളുടെ ഘടനയും ചുമതലകളും നിര്‍ണ്ണയിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കാമോ ;

(സി) കമ്മിറ്റി രൂപീകരണത്തില്‍ നിന്ന് ഏതൊക്കെ വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുളളത് ; എന്തുകൊണ്ട് ;

(ഡി) ഇത് ഒഴിവാക്കാന്‍ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തില്‍ അനുവദനീയമാണോ ;

(ഇ) ഇതു സംബന്ധിച്ച് മുന്‍ധാരണ വല്ലതും ഉണ്ടായിരുന്നോ എന്ന കാര്യം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്ക്കൂള്‍ മാനേജ്മെന്റ് കമ്മിറ്റികള്‍</u>

7061 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളില്‍ സ്കൂള്‍ മാനേജ്മെന്റ് കമ്മിറ്റികള്‍ രൂപീകരിക്കുവാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ മാനേജ്മെന്റ് സ്കൂളുകളെ ഇതില്‍ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കില്‍ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ പരിശോധന</u>

7062 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് അദ്ധ്യയന നിലവാരം പരിശോധിക്കാൻ അധികാരം നൽകുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിൽ നിന്നും എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ അടിസ്ഥാന സൗകര്യം</u>

7063 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വിലയിരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(ബി) സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ആർക്കാണ് അധികാരം നൽകിയിരിക്കുന്നത് ;

(സി) അടിസ്ഥാന സൗകര്യങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സാമ്പത്തിക സ്രോതസ്സുകളാണ് കണ്ടെത്താനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

പത്താംക്ലാസ്സ് തുല്യതാ പരീക്ഷയ്ക്ക് ഗ്രേഡിംഗ് സംവിധാനം

7064 ശ്രീ. എ.റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താംക്ലാസ്സ് തുല്യതാ പരീക്ഷയ്ക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഗ്രേഡിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## വിദ്യാർത്ഥികളുടെ പഠന ഭാരം

7065

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഓരോ വിദ്യാർത്ഥിയും സ്കൂളിലും വീട്ടിലുമായി എത്ര മണിക്കൂർ പഠനത്തിനു വേണ്ടി ചെലവഴിക്കേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വീട്ടിലെത്തുന്ന വിദ്യാർത്ഥിക്ക് വിശ്രമിക്കുന്നതിനും വിനോദത്തിൽ ഏർപ്പെടുന്നതിനും ഒട്ടും തന്നെ സമയം അനുവദിക്കാത്ത വിധം പഠനഭാരം അടിച്ചേല്പിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളിൽ മാനസിക സമ്മർദ്ദം കൂടുന്ന വിധം പഠനഭാരം കൂടുന്നതായി ഏതെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനം</u>

7066 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം പരീക്ഷകൾക്കാണ് ഈ സംവിധാനം ഏർപ്പെടുത്താനു ദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## സ്കൂളുകളിലെ വാർഷിക പരിശോധന

7067 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ ഓഫീസർമാരായ എ.ഇ.ഒ. മാരും ഡി.ഇ.ഒ.മാരും സ്കൂളുകളിൽ വാർഷിക പരിശോധന നടത്തുന്നതിൽ വലിയ വീഴ്ച വരുന്നുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥിരമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂളുകളിലെ വാർഷിക പരിശോധന നടത്തേണ്ടത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിയമപരമായി നിഷ്കർഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ ഓഫീസുകൾ/ഓഫീസർമാർ വാർഷിക പരിശോധന നടത്തുന്നതിലും അക്കാദമിക് പരിശോധന നടത്തുന്നതിലും വരുത്തുന്ന വീഴ്ച പൊതു വിദ്യാലയങ്ങളുടെ നിലവാര വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ 3 വർഷം എ.ഇ.ഒ., ഡി.ഇ.ഒ.മാർ നടത്തിയ വാർഷിക പരിശോധന എത്ര ; ഇത് പരിഹരിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഹൈസ്ക്കൂൾ അദ്ധ്യാപകർക്കായുള്ള എലിജിബിലിറ്റി പരീക്ഷ

7068 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്ക്കൂൾ വിഭാഗം അദ്ധ്യാപകർക്ക് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം യോഗ്യതകൾ ഉള്ളവരെയാണ് റ്റി. ഇ. റ്റി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എം. എഡ് യോഗ്യതയുള്ളവരെ റ്റി. ഇ. റ്റി -ൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എം. എഡ്. യോഗ്യതയുള്ളവരെ റ്റി. ഇ. റ്റി -ൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) എം. എഡ് യോഗ്യതയുള്ളവരെ സെറ്റ് പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ബി. എഡ്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നവരുടെ യോഗ്യത എം. എഡ് ആണെന്നിരിയ്ക്കെ എം. എഡ് യോഗ്യതയുള്ളവർക്ക് ഹൈസ്ക്കൂൾ വിഭാഗം വിദ്യാർത്ഥികളെ പഠിപ്പിയ്ക്കുവാൻ റ്റി. ഇ. റ്റി. നിർബന്ധമാക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷാ സമ്പ്രദായത്തിൽ കാലോചിതമായ പരിഷ്ക്കാരം</u>

7069 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ്കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂൾ നിയമനത്തിനുള്ള യോഗ്യതാ പരീക്ഷയായ സെറ്റിന്റെ വിജയ ശതമാനത്തിൽ വർഷങ്ങളായി കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(ബി) നിലവിൽ സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആർക്കാണ്;

(സി) നിലവിലുളള പരീക്ഷാ സമ്പ്രദായത്തിൽ കാലോചിതമായ പരിഷ്കാരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷാ യോഗ്യത</u>

7070

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

| | |
|---|---|
| (എ) | സെറ്റ് പരീക്ഷാ യോഗ്യത നേടാൻ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; |
| (ബി) | സംവരണ വിഭാഗങ്ങളായ എസ്.സി./എസ്.റ്റി, ഒ.ബി.സി. വിഭാഗക്കാർക്ക് മാർക്കിളവ് നൽകുന്നുണ്ടോ; |
| (സി) | ഇല്ലെങ്കിൽ നെറ്റ് പരീക്ഷയിലേതുപോലെ പ്രസ്തുത വിഭാഗങ്ങൾക്ക് യോഗ്യത നേടാൻ മാർക്കിളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; |
| (ഡി) | കഴിഞ്ഞ സെറ്റ് പരീക്ഷകളിലെ കൂട്ടത്തോൽവി മുഖവിലക്കെടുത്ത് നിലവാരമുള്ള എല്ലാവർക്കും യോഗ്യത നേടാൻ പരിഹാര നടപടികൾ സ്വീകരിക്കുമോ; |
| (ഇ) | സിലബസിന് കൃത്യത വരുത്തുന്നതിനും നെറ്റ് പരീക്ഷയിലേതുപോലെ നെഗറ്റീവ് മാർക്ക് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? |

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ഇ-ടെക്സ്റ്റ് ബുക്കുകളും, ഇ-കണ്ടന്റും

7071

ശ്രീ. വര്‍ക്കല കഹാര്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂളുകളില്‍ ടെക്സ്റ്റ് ബുക്കിനു പകരം ഇ-ടെക്സ്റ്റ് ബുക്കുകളും, ഇ-കണ്ടന്റും നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ക്ലാസ്സുകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## ഡയറ്റിലെ അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

7072

ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റിലെ അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ;

(സി) ഈ സപെഷ്യൽ റൂൾസിൽ പരാമർശിച്ചിരിക്കുന്ന എലിജിബിലിറ്റി ടെസ്റ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള എലിജിബിലിറ്റി ടെസ്റ്റ് എത്രയും വേഗം നടത്തി അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പ്രസ്തുത സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുൻപ് സർവ്വീസിലുണ്ടായിരുന്ന ഡയറ്റ് അദ്ധ്യാപകരെ ഇത്തരം നിബന്ധനകളിൽ നിന്നും ഒഴിവാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഐ.ഇ.ഡി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം</u>

7073 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ഇ.ഡി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനസിക വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ/എയ്ഡഡ് സ്കൂളുകൾ വഴി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഐ.ഇ.ഡി അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും മാനസികവൈകല്യമുള്ള വിദ്യാർത്ഥികളുടെ ക്ഷേമത്തിന് സംസ്ഥാനത്ത് എവിടെയെല്ലാം സ്കൂളുകൾ ഉണ്ടെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

"സീമാറ്റ്" - ന്റെ പ്രവർത്തനങ്ങൾ

7074

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള "സീമാറ്റ്" എന്ന സ്ഥാപനം നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിവരുന്നത്;

(ബി) 2012-13 വർഷത്തിൽ എന്തെല്ലാം പ്രത്യേക പ്രവർത്തനങ്ങൾ "സീമാറ്റ്" സംഘടിപ്പിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) "സീമാറ്റ്" - ന്റെ പ്രവർത്തനത്തിന് കേന്ദ്ര/സംസ്ഥാന സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2012-13 വർഷത്തെ പദ്ധതികളുടെ നടത്തിപ്പിനായി എത്ര തുക നീക്കിവച്ചിരിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മുസ്ലീം കലണ്ടർ അനുസരിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾ</u>

7075 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസ്ലീം കലണ്ടർ അനുസരിച്ച് പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഈ സ്കൂളുകളിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് പ്രവർത്തി ദിനങ്ങൾ പൂർത്തിയാക്കുന്നതിന് എന്ത് മാനദണ്ഡമാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എൽ. എസ്. എസ്., യു. എസ്. എസ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാൻ നടപടി</u>

7076

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. എസ്. എസ്., യു. എസ്. എസ് സ്കോളർഷിപ്പുകളുടെ തുക കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ. എസ്. എസ്., യു. എസ്. എസ് സ്കോളർഷിപ്പുകളുടെ കോച്ചിംഗിനും, ട്യൂഷനു ഭീമമായ തുകയുടെ പുസ്തകങ്ങൾ വാങ്ങി പരീക്ഷയ്ക്ക് തയ്യാറാകുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി എൽ. എസ്.എസ്., യു. എസ്. എസ് സ്കോളർഷിപ്പ് തുക യഥാക്രമം 750, 1000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പദ്ധതികൾ</u>

7077 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് പദ്ധതികൾ നിലവിൽ വന്ന വർഷം വ്യക്തമാക്കുമോ;

(ബി) നിലവിൽ വന്ന വർഷം, അനുവദിച്ചിരുന്ന സ്കോളർഷിപ്പ് തുകകൾ എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2012-13 അദ്ധ്യയനവർഷം അനുവദിച്ചിരുന്ന സ്കോളർഷിപ്പ് തുകകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നിലവിൽ വന്നതിന് ശേഷം നടപ്പിലാക്കിയ മറ്റ് സ്കോളർഷിപ്പ് പദ്ധതികളും അവയ്ക്ക് നൽകുന്ന തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഇ) എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് തുകകൾ കാലാനുസൃതമായ രീതിയിൽ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക് വേഡ് മൈനോറിറ്റീസ്

7078 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക് വേഡ് മൈനോറിറ്റീസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് ഏതു വർഷത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകളാണ് പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ടത് ;

(സി) ഏതു വർഷം മുതലാണ് ഈ സ്കൂളുകൾ ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ; പ്രസ്തുത ഓരോ സ്കൂളിന്റെയും മാനേജർമാർ/ട്രസ്റ്റ് ഉടമകൾ ആരാണെന്നും അവരുടെ വിലാസവും ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾക്കാവശ്യമായ സ്ഥലം വാങ്ങിയത് മാനേജ്മെന്റുകൾ/ട്രസ്റ്റുകൾ സ്വന്തം നിലയ്ക്കാണോ സാമ്പത്തിക സഹായത്തോടെയാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുവാനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാനും ഓരോ സ്കൂളിനും എന്ത് തുക ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(എഫ്) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഇവർക്ക് എന്നുമുതലാണ് ട്രഷറി മുഖേന വേതനം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

(എച്ച്) പ്രസ്തുത ജീവനക്കാർക്ക് ശമ്പളസ്കെയിലുകൾ പ്രകാരം ശമ്പളം നൽകുവാൻ തുടങ്ങിയത് ഏത് ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ ആവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ പ്രകാരം അംഗീകാരം നൽകാമെന്ന് ഭരണ വകുപ്പ് നിർദ്ദേശിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ജെ) ഭരണവകുപ്പ്, ധനവകുപ്പ് എന്നിവയുടെ അംഗീകാരം എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(കെ) പ്രസ്തുത ഫയൽ ഏതു ദിവസത്തെ ക്യാബിനറ്റിന്റെ അജണ്ടയിലാണ് വന്നതെന്നും ക്യാബിനറ്റ് എന്തു തീരുമാനമാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഏരിയ ഇന്റൻസീവ് ഡവലപ്മെന്റ് പ്രോഗ്രാമിന്മേലുള്ള മന്ത്രിസഭാ തീരുമാനം</u>

T 7079 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് ഡവലപ്മെന്റ് പ്രോഗ്രാമിൻകീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ സർക്കാർ സ്കൂളുകളാക്കി മാറ്റാൻ മന്ത്രിസഭാ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലെ എത്രാം നമ്പർ അജണ്ട പ്രകാരമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രശ്നത്തിൽ വിദ്യാഭ്യാസ, ധനകാര്യ, നിയമ വകുപ്പുകളുടെ നിലപാടുകൾ എന്തായിരുന്നു; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഡി.പി.ഐ നൽകിയ ശുപാർശ എന്തായിരുന്നു;

(ഡി) മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

‘സംപൂര്‍ണ്ണാ പദ്ധതി’

7080 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാരിന്റെ നൂറുദിന കര്‍മ്മപരിപാടിയില്‍ ഉള്‍പ്പെടുത്തി ഒന്നാം ക്ലാസ് മുതല്‍ പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാര്‍ത്ഥികളുടെ വിവര ശേഖരണവുമായി ബന്ധപ്പെട്ട ‘സംപൂര്‍ണ്ണാ പദ്ധതി’ ഏതു ഘട്ടത്തിലാണ് ; എന്തൊക്കെയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് ; ഈ പദ്ധതി പൂര്‍ത്തീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം</u>

7081 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രേരക്മാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ഓണറേറിയം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) സാക്ഷരതാ പ്രേരക്മാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**സാക്ഷരതാ പ്രേരക്മാരുടേയും അസിസ്റ്റന്റ് പ്രേരക്മാരുടെയും വേതനം**

7082 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഇപ്പോഴത്തെ സാക്ഷരതാ നിരക്ക് എത്രയാണ് ;

(ബി) തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ നടപ്പിലാക്കി വരുന്ന തുടർപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) സാക്ഷരതാ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും ഇപ്പോൾ നൽകി വരുന്ന വേതനം എത്രയാണ് ;

(ഡി) വേതനം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനായി ഫണ്ട്

7083 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിനായി സ്കൂളുകൾക്കും ഒരു സവിശേഷ ഫണ്ട് നൽകുമോ ; ലൈബ്രററി ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയുമായി സഹകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നത് പരിഗണിക്കുമോ ;

(ബി) സ്കൂൾ വിക്കി പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; എത്ര സ്കൂളുകളിൽ സ്കൂൾ വിക്കി പദ്ധതി ഉണ്ട് ; യു.പി.-എൽ.പി. തലങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുമോ ;

(സി) അനദ്ധ്യാപക ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സിലബസ് പത്താം ക്ലാസ് പരീക്ഷ</u>

7084 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ സിലബസിൽ പത്താംക്ലാസ് പരീക്ഷ നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) ബോർഡ് നേരിട്ട് പത്താം ക്ലാസ് പരീക്ഷ നടത്താത്ത സി.ബി.എസ്.ഇ സ്കൂളിലെ കുട്ടികൾക്ക്, കേരള സിലബസിലെ എസ്.എസ്.എൽ.സി കുട്ടികൾക്ക് സമാനമായ പരിഗണന പ്ലസ് വൺ അഡ്മിഷനിൽ നൽകുന്നുണ്ടോ ;

(സി) ഇങ്ങനെ നൽകുന്നത് പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സ്കൂൾ കായികമേളകളും കലാമേളകളും</u>

7085

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികമേളകൾക്കും കലാമേളകൾക്കും വിദ്യാഭ്യാസ വകുപ്പ് തുല്യപ്രാധാന്യം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കലാമേളകൾക്ക് സംഘാടനത്തിന് ഭീമമായ തുക നൽകുമ്പോൾ, ഇന്ത്യയുടെ യശസ്സ് ഉയർത്തുന്ന പ്രതിഭകളെ കണ്ടെത്തുന്ന കായിക മേള സംഘടിപ്പിക്കുന്നതിന് തുച്ഛമായ തുകയാണ് നൽകുന്നതെന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**എയ്ഡഡ് സർക്കാർ മേഖലയിലെ പൊതുവിദ്യാലയങ്ങൾ**

7086 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് /സർക്കാർ മേഖലയിൽ എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് തലത്തിൽ എത്ര പൊതുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വിദ്യാലയത്തിന്റെയും മാനേജ്മെന്റിൽ NSS, SNDP, MES, മറ്റ് ട്രസ്റ്റുകൾ, സ്വകാര്യ വ്യക്തികളുടെ മാനേജ്മെന്റുകൾ എന്നിവർ നടത്തുന്ന സ്ഥാപനങ്ങളുടെ കണക്കുകൾ പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) എയ്ഡഡ് സ്ഥാപനങ്ങളും അവയുടെ മാനേജ്മെന്റും കുട്ടികളുടെ എണ്ണവും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം</u>

7087 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം ഒന്നേകാൽ മാസം പിന്നിട്ടിട്ടും സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുളള സ്പെഷ്യൽ അരി ഇതേവരെ നൽകിയിട്ടില്ലായെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ കുട്ടിക്കും എത്ര കിലോ അരി നൽകുവാനാണ് പദ്ധതിയിട്ടത് ; അരി നൽകുവാൻ ഏത് ഏജൻസിയെയാണ് വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയത് ; ആയതിലേയ്ക്ക് എന്ത് തുക അനുവദിച്ചു; എന്നത്തേയ്ക്ക് അരി നൽകുവാനാണ് തീരുമാനം; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം എല്ലാ സ്കൂളുകളിലും ഇതേവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) കഞ്ഞിയോടൊപ്പം കുട്ടികൾക്ക് ആഴ്ചയിൽ എന്തൊക്കെ ആഹാര സാധനങ്ങളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുളളത്; ഇതിലേയ്ക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് നിർദ്ദേശം നൽകിയിട്ടുളളത് ;

(ഇ) എത്ര ദിവസത്തിനകം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം പ്രാബല്യത്തിൽ വരുത്താൻ കഴിയും ; വിശദമാക്കുമോ ;

(എഫ്) സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ചുമതല പി.ടി.എ യ്ക്കും മേൽനോട്ട ചുമതല സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി) ക്കും നൽകിയ സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിൽ വരുത്താൻ സാധിക്കുമോ ; കുട്ടികളുടെ ഉച്ചക്കഞ്ഞി വിതരണത്തിൽ വരുന്ന കാലതാമസം വിശദമാക്കുമോ ;

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

(ജി) ഈ അധ്യയനവർഷം മുതൽ രൂപീകരിച്ചിട്ടുളള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് സ്കൂൾ ഭരണത്തിലും അക്കാദമിക് കാര്യങ്ങളിലും ഇടപെടാൻ അവകാശം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(എച്ച്) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. യ്ക്ക് പുറമെ ഇത്തരത്തിൽ എസ്.എം.സി.കൾ രൂപീകരിക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയ മാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ</u>

7088 ശ്രീ. വർക്കല കഹാർ
'' പി. എ. മാധവൻ
'' ആർ. സെൽവരാജ്
'' പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദമാക്കുമോ;

(ബി) ഇവ പരിഹരിക്കുന്നതിന് ജില്ലകൾതോറും നടത്തുന്ന അദാലത്തുകൾ വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്;

(സി) അദാലത്തിൽ ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരമുണ്ടാക്കുമോ?

# കേരള നിയമസഭ

# 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യയന ദിവസങ്ങൾ</u>

7089 ഡോ. കെ.ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യയന ദിവസങ്ങളുണ്ട്; ഇത് എത്രയാക്കി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുക്കുകയുണ്ടായോ;

(ബി) സ്കൂൾ പ്രവൃത്തി സമയം മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ഏത് രീതിയിൽ മാറ്റം വരുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ</u>
<u>'സ്മാർട് ക്ലാസ് മുറി' പദ്ധതി</u>

7090

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ 'സ്മാർട് ക്ലാസ് മുറി' പദ്ധതിക്കായി ഏതെല്ലാം സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>

7091

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് കുട്ടികള്‍ക്ക് ഗ്രേയ്സ് മാര്‍ക്ക് നല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കില്‍ എന്‍. സി. സി. കുട്ടികള്‍ക്ക് നല്‍കുന്നത് പോലെ എസ്. പി. സി. കുട്ടികള്‍ക്ക് ഗ്രേയ്സ് മാര്‍ക്ക് നല്‍കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എൻ.സി.സി. അംഗങ്ങളുടെ എണ്ണം</u>

7092 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' വി. എം. ഉമ്മർ മാസ്റ്റർ
'' പി. ബി. അബ്ദുൾ റസാക്
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ കേഡറ്റ് കോർപ്പ്സ് അംഗങ്ങളുടെ എണ്ണത്തിന് പരിമിതി നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ പരമാവധി കേഡറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എൻ.സി.സി. കേഡറ്റുകളുടെ പരിശീലനരീതിയിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശമെന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കേഡറ്റുകളുടെ അച്ചടക്കബോധം വർദ്ധിപ്പിക്കുന്നവിധത്തിലും, ദുരന്തനിവാരണപ്രവർത്തനമുൾപ്പെടെയുള്ള സാമൂഹ്യസേവനത്തിന് സന്നദ്ധരാക്കുവാൻ ഉദ്ദേശിച്ചുമുള്ള ട്രെയിനിംഗ് നല്കുന്നകാര്യം പരഗണിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിന് പരിശീലനം</u>

7093 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിന് എത്ര അദ്ധ്യാപകർക്ക് ജില്ലാതല പരിശീലനം നൽകിയിട്ടുണ്ട് ; അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകി നിയമനം നൽകാൻ നടപടികൾ സ്വീകരിയ്ക്കുമോ ; ഇതിനായി പൊതുവിദ്യാഭ്യാസവകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

7094 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഈ പാക്കേജ് നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പാക്കേജ് പ്രകാരം ഓരോ ജില്ലയിലും എത്ര അദ്ധ്യാപകർക്ക് പ്രയോജനമുണ്ടായെന്ന് വിശദമാക്കാമോ;

(ഡി) ഈ പാക്കേജ് പ്രകാരം അദ്ധ്യാപകർക്ക് എന്തെല്ലാം ഗുണഫലങ്ങളാണ് ലഭ്യമായതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജ്</u>

7095 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യാപക പാക്കേജ് അനുസരിച്ച് തൃശൂർ ജില്ല യിൽ അദ്ധ്യാപക ബാങ്കിൽ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഷയത്തിലും എത്ര പേരാണുള്ളതെന്ന് വ്യക്ത മാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് നിയമനം</u>

7096 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് നിയമനം നൽകാൻ ഉത്തരവായിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ആദ്യ ഘട്ടത്തിൽ എത്ര പേർക്കാണ് നിയമനം നൽകുന്നത്; ഇവരുടെ പരിശീലനം പൂർത്തിയായിട്ടുണ്ടോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ നിയമനം</u>

7097 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതുവരെ നിയമന അംഗീകാരം ലഭിച്ച അദ്ധ്യാപകരുടെ പേര്, ജില്ല, സ്ഥാപനത്തിന്റെ പേര് എന്നിവ തരം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) സ്കൂളുകളിൽ തലയെണ്ണൽ അവസാനിച്ച സാഹചര്യത്തിൽ ഓരോ സ്ഥാപനത്തിന്റെയും യു. ഐ. ഡി. എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ വിദ്യാലയങ്ങളുടെയും യു. ഐ. ഡി. എടുക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി സിലബസ് പരിഷ്ക്കരണം

7098 ശ്രീ. എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സിലബസ് പരിഷ്ക്കരണ നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഏത് ഏജൻസിയാണ് സർവ്വേ നടത്തുന്നത് ;

(ഡി) സർവ്വേയുടെ ഭാഗമായി ബന്ധപ്പെട്ടവരിൽനിന്ന് വിവരങ്ങൾ തേടുന്നകാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പുതുതായി ഹയർ സെക്കൻഡറി കോഴ്സുകൾ</u>

7099 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ സർക്കാർ മേഖലയിൽ എത്ര സ്കൂളുകളും, എയ്ഡഡ് മേഖലയിൽ എത്ര സ്കൂളുകളുമാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഇ) ഹയർ സെക്കണ്ടറി കോഴ്സുകൾക്കായുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും സർക്കാർ/ എയ്ഡഡ് തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**<u>അനാഥാലയങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം</u>**

7100 ശ്രീ. വി.ഡി. സതീശൻ
,, എ.റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം സുഗമമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകൾ യോജിച്ചാണ് ഈ പദ്ധതിയ്ക്ക് മുൻകൈ എടുക്കുന്നത് ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി</u>

7101 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സീറ്റുകൾ വർദ്ധിപ്പിച്ചു എന്നും വർദ്ധന വരുത്തിയതിന്റെ മാനദണ്ഡമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ സർക്കാർ മേഖലയ്ക്കും എയിഡഡ് മേഖലയ്ക്കും അനുവദിച്ച വർദ്ധന എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കുമോ;

(സി) പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ, സർക്കാർ മേഖലയ്ക്ക് പ്രാധാന്യം നൽകി വർദ്ധന വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ നടപടി</u>

7102 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകളാണ് കൊല്ലം ജില്ലയിൽ നിലവിലുള്ളത്;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ പ്ലളസ് ടൂ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്ലസ് ടൂ പഠനത്തിന് സ്ഥാപനങ്ങൾ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ ആദിച്ചനെല്ലൂർ പഞ്ചായത്ത് അധീനതയിലുള്ള പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മലബാര്‍ മേഖലയിലെ സര്‍ക്കാര്‍ എയ്ഡഡ് എച്ച്.എസ്.എസ്. -ല്‍ അധികതസ്തികകള്‍ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാന്‍ നടപടി</u>

7103 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലബാര്‍ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 2010-11 അദ്ധ്യയന വര്‍ഷം മുതല്‍ അനുവദിച്ച 178 സര്‍ക്കാര്‍, എയ്ഡഡ് ഹയര്‍ സെക്കന്ററി സ്കൂളുകളില്‍ രണ്ടാംവര്‍ഷക്ലാസ് (+2) ആരംഭിച്ച 2011-12 വര്‍ഷത്തോടുകൂടി അനുവദിക്കേണ്ട അധികതസ്തികകള്‍ ഇതുവരെയായി അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകള്‍ മുന്‍കാല പ്രാബല്യത്തോടുകൂടി അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) 2011-12 അദ്ധ്യയന വര്‍ഷം മുതല്‍ തന്നെ അധികതസ്തികകളില്‍ പ്രതിഫലം ലഭിക്കാതെ ജോലി ചെയ്തുവരുന്ന അദ്ധ്യാപകര്‍ക്ക് 'ഗസ്റ്റ് വേതനം' നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിലെ വെയിറ്റേജ് മാർക്ക്

7104 ശ്രീ. വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 18/1/11 ലെ 3/11 നമ്പർ സർക്കുലർ പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിൽ അടിസ്ഥാന യോഗ്യത കൂടാതെ അധിക യോഗ്യതയുള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകാറുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അധിക യോഗ്യതകൾക്കാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപക നിയമനത്തിന് എം.എഡ് ഉള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) എം.എഡ്. ഉള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞി ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു</u>

7105 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജക മണ്ഡലത്തിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ പ്ലസ് ടു കോഴ്സ് പഠന സൗകര്യം ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ പഴഞ്ഞി ഗവൺമെന്റ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലർക്ക് തസ്തിക

7106 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ കുറയുന്നതു മൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്കായി അദ്ധ്യാപക പാക്കേജ് പോലെ അദ്ധ്യാപകേതര ജീവനക്കാർക്കായി ഒരു പാക്കേജ് തയ്യാറാക്കുമോ ;

(ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ചതുപോലെ അനദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലും വ്യത്യാസം വരുത്തുമോ ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ ക്ലാർക്ക് തസ്തിക ഉണ്ടോ ; ഹൈസ്കൂളും ഹയർ സെക്കണ്ടറിയും ഒരുമിച്ചുള്ള സ്കൂളുകളിലെ സ്ഥിതി എന്താണ് ;

(ഡി) എച്ച്.എസ്.എസ്. കളിൽ അദ്ധ്യാപകരാണ് ഓഫീസ് ജോലി ചെയ്യുന്നത് എന്ന വസ്തുത മുൻനിർത്തി ക്ലാർക്ക് തസ്തിക അനുവദിച്ച് നിയമനം നടത്തുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

കാക്കാഴം ഹൈസ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം അനുവദിക്കാൻ നടപടി

7107

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) അമ്പലപ്പുഴ കാക്കാഴം ഹൈസ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

മലബാറിലെ ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടി

7108 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ഹയർ സെക്കണ്ടറി പഠന സൗകര്യം ഇല്ലാത്തത്; ഇത്തരം ഗ്രാമപഞ്ചായത്തുകളിൽകൂടി ഹയർ സെക്കണ്ടറി കോഴ്സ് ഈ അദ്ധ്യയന വർഷംമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പത്താംതരം ശരാശരിക്ക് മുകളിൽ ജയിച്ച കുട്ടികൾക്ക്പോലും ഇപ്രാവശ്യം പ്ലസ് വണ്ണിന് അഡ്മിഷൻ ഇതുവരെ കിട്ടിയില്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്ലസ് വണ്ണിന് ഇപ്പോൾ അധിക സീറ്റുകൾ അനുവദിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ ഗ്രൂപ്പുകൾക്ക് എത്ര സീറ്റുകൾ വീതം അധികമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഹയർ സെക്കണ്ടറി കോഴ്സുകളുടെ കുറവ് പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ മലബാർ മേഖലയിൽ അനുവദിച്ച 178 സ്കൂളുകളിൽ ജോലി നോക്കിവരുന്ന ലാബ് അസിസ്റ്റന്റ്മാർക്ക് ഇതേവരെ യാതൊരുവിധ ആനുകൂല്യവും കിട്ടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരക്കാർക്ക് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സീനിയോറിറ്റി</u>

7109 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (എംഎസ്) 18/2012/പൊതുവിദ്യാഭ്യാസം തീയതി 10-1-2012 ഉത്തരവ്പ്രകാരം വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ നൽകിയ ഉത്തവ് നമ്പർ $E_3$/4990/12 dt. 18-5-2012-ൽ വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സീനിയോറിറ്റി കണക്കാക്കുന്നത് (No. 4) ശമ്പളസ്കെയിൽ പരിഗണിക്കാതെ പ്രവേശനതീയതിയും പ്രായവും മാത്രം പരിഗണിക്കണമെന്നത് കേരള സ്റ്റേറ്റ് സർവ്വീസ് നിയമത്തിലെ ഏത് സേവന ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഉത്തരവിലെ അപാകത മാറ്റി പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഉത്തരവിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതികളിന്മേൽ എന്ത് നടപടിയാണ് വൊക്കേഷണൽ ഹയർ സെക്കന്ററി ഡറയക്ടറും പൊതുവിദ്യാഭ്യാസ സെക്രട്ടറിയും സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) അപാകതകൾ മാറ്റി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വി.എച്ച്.എച്ച്.ഇ സ്കൂളുകളിൽ ജൂനിയറായ അദ്ധ്യാപകന് ഭരണചുമതല</u>

7110 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ സ്കൂളുകളിൽ സീനിയറായ വൊക്കേഷണൽ/നോൺ വൊക്കേഷണൽ അദ്ധ്യാപകന് താൽക്കാലികമായി ഭരണചുമതല നൽകിയ ഉത്തരവിൽ, സീനിയോറിറ്റി മറികടന്ന് നിയമിച്ചത് സംബന്ധിച്ച് സർക്കാർ സ്കൂൾ അദ്ധ്യാപകരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഹാജർ പുസ്തക പ്രകാരം സ്കൂൾ പ്രവേശന തീയതി കണക്കാക്കി ഭരണചുമതല ഏൽപ്പിച്ചാൽ, സർവ്വീസ് കുറഞ്ഞ അദ്ധ്യാപകൻ സർവ്വീസ് കൂടിയ അദ്ധ്യാപകന്റെ മുകളിൽ ഭരണതലവനായി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ വി. എച്ച്. എസ്.ഇ.</u>

7111 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പുതുതായി വി.എച്ച്.എസ്.ഇ.യോ വി.എച്ച്.എസ്.ഇ.യ്ക്ക് അധിക ബാച്ചോ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളിൽ ആണ് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ - എയിഡഡ് സ്കൂളുകളിൽ ലൈബ്രറി ഇല്ലാത്ത സ്കൂളുകൾ ഉണ്ടോ; എൽ. പി., യു. പി., എച്ച്.എസ്., എച്ച്.എസ്.എസ്. തലം തിരിച്ച് വിശദമാക്കുമോ;

(സി) ലൈബ്രറികളിലേക്ക് പുസ്തകം വാങ്ങുന്നതിന് എന്തൊക്കെ ഫണ്ടുകൾ ആണ് നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ; ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

7112 ശ്രീ. ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നിർമ്മാണ ഏജൻസിയായി ആരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് സംബന്ധിച്ച് ഓരോ സ്കൂളിനും എത്ര ലക്ഷം രൂപയാണ് നൽകുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതിയുടെ ഫണ്ട് മോണിട്ടറിംഗ്</u>

7113

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയുടെ ഏകോപനത്തിനും ഫണ്ട് മോണിട്ടറിംഗിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ; ജില്ലാതല ഓഫീസ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.എം.എസ്.എ. ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ എത്ര സ്കൂളുകൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളത്; ഈ വർഷം ജില്ലയിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണത്തിനായി ലഭിക്കുന്ന കേന്ദ്ര ഫണ്ട്</u>

7114 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനായി ലഭിക്കുന്ന കേന്ദ്ര ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ ഒരു വർഷം എന്തു തുക ചെലവഴിച്ചുവെന്നും എന്തു തുക കെട്ടിക്കിടപ്പുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപടി പഴയതുപോലെ തുടരുന്നതിന് തടസ്സമായ വിദ്യാഭ്യാസ വകുപ്പിലെ ഉത്തരവ് പിൻവലിക്കുമോ ;

(ഡി) ഉച്ചഭക്ഷണ പരിപാടി തുടർന്നും കാര്യക്ഷമമായി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പ്രവർത്തനങ്ങളുടെ ഉദ്ഘാടനം</u>

7115 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ; കേരളത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്നു മുതലാണ് തുടങ്ങിയത് ;

(ബി) എസ്.എസ്.എ. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവം വിശദമാക്കാമോ ;

(സി) എസ്.എസ്.എ. പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം എല്ലാവർഷവും നടത്താറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഈ വർഷം ഉദ്ഘാടനം തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ടിന്റെ വിനിയോഗം</u>

7116 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. ഫണ്ട് വിനിയോഗം ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ സാദ്ധ്യത ഉറപ്പുവരുത്തുവാൻ മാർഗ്ഗ നിർദ്ദേശം നൽകുന്നകാ്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>മാലൂര്‍ ഗവണ്‍മെന്‍റ് ഹയര്‍ സെക്കന്‍ഡറി സ്ക്കൂളിന്‍റെ പുനര്‍നാമകരണം</u>

7117 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മട്ടന്നൂര്‍ നിയോജകമണ്ഡലത്തിലെ മാലൂര്‍ ഗവണ്‍മെന്‍റ് ഹയര്‍ സെക്കന്‍ഡറി സ്കൂളിന് പി. അനന്തന്‍ വൈദ്യര്‍ സ്മാരക ഗവണ്‍മെന്‍റ് ഹയര്‍സെക്കന്‍ഡറി സ്ക്കൂള്‍ എന്നു നാമകരണം ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എന്നാണ് അപേക്ഷ ലഭിച്ചതെന്നും അപേക്ഷയിന്‍മേല്‍ എന്തു നടപടിയാണു കൈക്കൊണ്ടതെന്നും വ്യക്തമാക്കുമോ ; ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെങ്കില്‍ ആ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) ഗവണ്‍മെന്‍റ് കത്തിടപാടുകളിലും ട്രഷറി ഇടപാടുകളിലും അക്കൗണ്ടന്‍റ് ജനറല്‍ ഓഫീസിലെ ഔദ്യോഗിക രേഖകളിലും നടപടി ക്രമങ്ങളിലും പി. അനന്തന്‍ വൈദ്യര്‍ സ്മാരക ഗവണ്‍മെന്‍റ് ഹയര്‍സെക്കന്‍ഡറി സ്കൂള്‍, മാലൂര്‍, കണ്ണൂര്‍ എന്നു രേഖപ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ പരാതി**

7118 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽനിന്നും ഉണ്ടായ പരാതികളുടെ അടിസഥാനത്തിൽ വിദ്യാഭ്യാസ സെക്രട്ടറി, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി @ സ്കൂൾ എന്നിവർ മുഖേന അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) അന്വേഷണം പൂർത്തിയാക്കി ഇവരിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സമാന സാഹചര്യം നിലവിലുള്ള മറ്റു സ്കൂളുകൾക്കും മാതൃക യാകുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കൊടകര ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന് പുതിയ കെട്ടിടം</u>

7119 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര സർക്കാർ ബോയ്സ് ഹൈസ്കൂളിന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ചാലക്കുടി ട്രൈബൽ പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം</u>

7120 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 77 കുട്ടികൾ താമസിക്കുന്ന ചാലക്കുടി ട്രൈബൽ പ്രീ-മെട്രിക് ഹോസ്റ്റൽ പഴയ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രൈബൽ പ്രീ-മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഇതേ കോമ്പൗണ്ടിൽ തന്നെയുളള ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ 46 3/4 സെന്റ് സ്ഥലം വിട്ടു കിട്ടുന്നതിനുളള അപേക്ഷ പരിഗണനയിലുണ്ടോ ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സ്ഥലം വിട്ടുകിട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വടശ്ശേരിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം</u>

7121

രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലത്തിനായി വിദ്യാഭ്യാസ വകുപ്പിന് നൽകിയ അപേക്ഷ പരിഗണിക്കുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

നൂറ് വർഷം പൂർത്തിയാക്കിയ പുന്നപ്ര ഗവൺമെന്റ്
ജെ. ബി. എൽ. പി. എസിന് കെട്ടിടം

7122 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 വർഷം പൂർത്തിയാക്കിയ പുന്നപ്ര ഗവൺമെന്റ് ജെ. ബി. എൽ. പി. എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ സ്കൂളുകളുടെ ഇൻഫ്രാസ്ട്രക്ച്ചർ ഉപദേശകൻ കെബിർ വാജ്പേയിയും സംഘവും ഈ സ്കൂൾ സന്ദർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും സഹായങ്ങൾ ലഭ്യമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>മട്ടന്നൂര്‍ എ. ഇ. ഒ. ഓഫീസിന്റെ കെട്ടിട നിര്‍മ്മാണം</u>

7123 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ മട്ടന്നൂര്‍ എ.ഇ.ഒ. ഓഫീസിന്റെ കെട്ടിട നിര്‍മ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിര്‍മ്മാണ പ്രവൃത്തിക്ക് ഭരണാനുമതിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കില്‍ ഭരണാനുമതി നല്‍കിക്കൊണ്ടുള്ള ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്കായി 2012-13 ബഡ്ജറ്റില്‍ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഭരണാനുമതി നല്‍കിക്കഴിയുകയും ബഡ്ജറ്റില്‍ മതിയായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കില്‍ സാങ്കേതികാനുമതി നല്‍കി പ്രവൃത്തി ടെന്‍ഡര്‍ ചെയ്യുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

7124 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റഗുലർ, ഓപ്പൺ പ്രൈവറ്റ്, വിഭാഗങ്ങളിലായി 2011-13 ബാച്ച് ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം എത്ര;

(ബി) 2011-13 ബാച്ചിൽ ഓപ്പൺ പ്രൈവറ്റ്, ഓപ്പൺ റഗുലർ വിഭാഗങ്ങളിലായി മലബാർ ജില്ലകളിൽ നിന്ന് എത്ര പേർ രജിസ്റ്റർ ചെയ്തു?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂൾ നിയമനം പി.എസ്.സി.
വഴിയാക്കാൻ നടപടി</u>

7125 ഡോ. കെ.ടി. ജലീൽ
ശ്രീ. സാജുപോൾ
'' എം.എ. ബേബി
'' ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ പി.എസ്.സിക്ക് വിടുന്നത് സംബന്ധിച്ച് ഏതെങ്കിലും സംഘടനകളിൽ നിന്ന് ആവശ്യം ഉയർന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്; പ്രതിവർഷം എത്ര കോടി രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എ.ഐ.പി. പ്രകാരം സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

7126 ശ്രീ. പി.റ്റി.എ. റഹീം
,, പുരുഷൻ കടലുണ്ടി
,, കെ.വി. വിജയദാസ്
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.ഐ.പി. പ്രകാരം ഏതെങ്കിലും സ്കൂളുകൾക്ക് എയിഡഡ് പദവി നൽകാനോ സർക്കാർ സ്കൂൾ ആക്കാനോ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനം എന്താണ് ; തീരുമാനമെടുത്ത കാബിനറ്റ് എന്നാണ് ചേർന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിലെ നിയമ ധനകാര്യവകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അംഗീകൃത സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്കൂളുകൾ

7127 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് അംഗീകൃത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഏതെല്ലാമെന്നും എവിടെ യെല്ലാമാണ് പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കാമോ; ഇതിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നത് ഏതെല്ലാമെന്നും ഏത് പഞ്ചായത്തുകളിലാണ് എന്നും വിശദീകരിക്കാമോ; പട്ടിക നൽകാമോ;

(ബി) ഗവ: അംഗീകൃത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളു കളുടെമേൽ വിദ്യാഭ്യാസ ഓഫീസർമാരായ എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ, ആർ.ഡി.ഡി, വി.എൻ.എസ്.ഇ മേഖല ഡയറക്ടർ, ഡി.ഐ.ഇ.റ്റി പ്രിൻസിപ്പൽ എന്നിവർക്ക് എന്തെല്ലാം നിയന്ത്രണാധികാരങ്ങൾ നിയമപ്രകാരം നിക്ഷിപ്തമാണ് എന്നത് വ്യക്തമാക്കാമോ; ഓരോ ഉദ്യോഗസ്ഥരുടെയും നിയന്ത്രണാധികാരവും നിക്ഷിപ്ത മായിട്ടുള്ള ചട്ടങ്ങളും പ്രസ്തുത ചട്ടങ്ങളിലെ ഏതേത് വകുപ്പുകളാൽ എന്ന് വ്യക്തമായി വിശദീകരിക്കുമോ;

(സി) ഇത്തരം സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ രേഖയനുസരിച്ച് പി.റ്റി.എ രൂപീകരിക്കണമെന്ന് നിയമവും ചട്ടവും ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം</u>

7128 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ വിജയകരമായി പ്രവര്‍ത്തിക്കുന്ന അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി പല റിമോട്ട് ഏരിയാകളിലും പ്രവര്‍ത്തിക്കുന്ന അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അടിയന്തിരമായി അംഗീകാരം നല്കുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്കൂളുകൾക്ക് എയിഡഡ് പദവി

7129 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾക്ക് എയിഡഡ് പദവി നൽകിയിട്ടുണ്ട് ;

(ബി) ഈ സ്കൂളുകൾ ഏതെല്ലാം ആണ്; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര യാണ്;
വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. സി. സ്കൂളുകളുടെ അംഗീകാരം</u>

7130 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2011 മെയ് മാസം മുതൽ 2012 ജൂൺവരെ എത്ര സി. ബി. എസ്. സി. സ്കൂളുകൾക്ക് പുതിയതായി അംഗീകാരം നൽകിയിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പോസ്റ്റ് ഗ്രാജുവേഷൻ ഇല്ലാത്ത ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ</u>

7131

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ പരിഷ്കാരം അനുസരിച്ച് 9, 10, 11, 12 ക്ലാസുകൾ ഹയർ സെക്കന്ററി തലത്തിലേക്ക് മാറുമ്പോൾ പോസ്റ്റ് ഗ്രാജുവേഷൻ ഇല്ലാത്ത നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന 10 ഉം 20 ഉം വർഷം സർവ്വീസുള്ള അദ്ധ്യാപകർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആർട്സ് വിഷയങ്ങൾക്ക് പ്രൈവറ്റായി പി.ജി. എടുക്കുവാൻ എല്ലാ യൂണിവേഴ്സിറ്റികളും അനുവദിക്കുന്നതുപോലെ സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഓഫ് കാമ്പസ് അനുവദിക്കുമോ;

(സി) സർക്കാർ അനുവാദത്തോടെ ശമ്പളത്തോടുകൂടി പി. ജി. എടുക്കുവാൻ സാഹചര്യം ഒരുക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

അന്ധ വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർക്കെതിരെ വിജിലൻസ് അന്വേഷണം

7132 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർക്കാർ അന്ധവിദ്യാലയത്തിലെ മുൻ ഹെഡ്മാസ്റ്റർക്കെതിരെ പൂർവ്വ വിദ്യാർത്ഥികൾ നൽകിയ പരാതിയിന്മേൽ വിദ്യാഭ്യാസ വകുപ്പ് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ അന്വേഷണ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ കോട്ടയം ഒളശ അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായിരിക്കുന്ന ഈ വ്യക്തി തിരുവനന്തപുരം അന്ധവിദ്യാലയത്തിലെ ക്വാർട്ടേഴ്സിൽ താമസിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കോട്ടയം ഒളശ അന്ധ വിദ്യാലയത്തിൽ സ്ഥിരമായി താമസിക്കാൻ ക്വാർട്ടേഴ്സുണ്ടായിട്ടും എന്തുകൊണ്ടാണ് പ്രസ്തുത ഹെഡ് മാസ്റ്റർ തിരുവനന്തപുരത്തെ സ്കൂൾ ക്വാർട്ടേഴ്സിൽ തന്നെ താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പിരിച്ചുവിട്ട അധ്യാപകനെതിരെ റവന്യൂ റിക്കവറി</u>

7133 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് വടകര വിദ്യാഭ്യാസ ജില്ല ആര്‍.എന്‍.എം. ഹൈസ്കൂള്‍ അധ്യാപകന്‍ ശ്രീ. കെ. പ്രദീപനെ സര്‍വ്വീസില്‍ നിന്നും നീക്കം ചെയ്യുന്നതിന് ഏതു തീയതിയിലാണ് ഉത്തരവ് നല്‍കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അധ്യാപകന്‍ ശമ്പളം, അലവന്‍സ് എന്നീ ഇനങ്ങളില്‍ തിരിച്ചടയ്ക്കാനുളള തുക എത്രയെന്ന് കണക്കാക്കി ഏതു തീയതിയിലാണ് ഇയാളെ അറിയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അധ്യാപകനെതിരെ റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിക്കുവാന്‍ റവന്യൂ വകുപ്പിന് ഏതു തീയതിയിലാണ് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നല്‍കിയത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

കായികാധ്യാപകനെ പിരിച്ചുവിട്ട നടപടി

7134 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലുള്ള 44350/കെ.2/2007 നമ്പർ ഫയലിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ തീർപ്പുകൽപ്പി ച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കും മുമ്പേ അധ്യാപകനെ പിരിച്ചുവിട്ട നടപടി ക്രമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ പരിഗണനയിലുള്ള ഒരു വിഷയത്തിൽ അനുമതി ഇല്ലാതെ അധ്യാപകനെ സസ്പെൻഡ് ചെയ്യുവാനും സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുവാനും വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുമോ ;

(ഇ) മേൽ പരാമർശിച്ച ഫയലിൽ നടത്തിയ കത്തിടപാടുകളുടെയും ഡി.പി.ഐ, വടകര ഡി.ഇ.ഒ. എന്നിവർ മേൽ വിഷയത്തിൽ നടത്തിയ ഫയൽ നടപടികളുടെയും കത്തിടപാടുകളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ആർ.എൻ.എച്ച്.എം.എസ്. യിലെ കായിക അധ്യാപകനെ പിരിച്ചുവിടപ്പെട്ട നടപടി

7135 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര വിദ്യാഭ്യാസ ജില്ലയിലെ നരിപ്പറ്റ ആർ.എൻ.എം ഹൈസ്കൂൾ കായികാധ്യാപകൻ ശ്രീ. കെ. പ്രദീപിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് മേധാവികളും പ്രസ്തുത സ്കൂൾ മാനേജരും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ പ്രസ്തുത അധ്യാപകൻ എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ അധ്യാപകന് ഉപജീവനബത്ത ഇനത്തിൽ എത്ര തുകയാണ് നൽകേണ്ടിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) പിരിച്ചുവിടപ്പെട്ട അധ്യാപകന് പി.എഫ് ഉൾപ്പെടെയുള്ള മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എത്രയെന്ന് കണക്കാക്കുകയും അവ നൽകുകയും ചെയ്തിട്ടുണ്ടോ;

(എഫ്) ആനുകൂല്യങ്ങൾ കണക്കാക്കി പ്രസ്തുത അധ്യാപകൻ തിരിച്ചടയ്ക്കേണ്ട തുക എത്രയെന്ന് രേഖാമൂലം അറിയിക്കാതെ ഇദ്ദേഹത്തിന്റെ പേരിൽ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ജി) അർഹതപ്പെട്ട ആനുകൂല്യങ്ങൾ അധ്യാപകന് നൽകാതെ റവന്യൂറിക്കവറി നടപടികളിലേക്ക് പോയത് ക്രമവിരുദ്ധമാണോ എന്ന് വെളിപ്പെടുത്തുമോ;

(എച്ച്) എങ്കിൽ റിക്കവറി നടപടികൾ പിൻവലിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ജി. സൈനുദ്ദീൻ നാട്ടുകല്ലിങ്ങൽ എച്ച്.എസ്.എസ്.ടി-ജൂനിയർ (അറബിക്) ന്റെ ശമ്പളം</u>

7136 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വേങ്ങര ജി.വി.എച്ച്.എസ്എസ് ലെ അറബിക് എച്ച്.എസ്.എസ്.ടി(ജൂനിയർ) ആയ ശ്രീ. സൈനുദ്ദീൻ നാട്ടുകല്ലിങ്ങലിന്റെ ശമ്പളം നിർണ്ണയം, അനോമലി റെക്ടിഫിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട നിവേദനം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഓഫീസിൽ എന്നാണ് മന്ത്രിയുടെ ഓഫീസിൽ നിന്നും ഫയൽ ലഭിച്ചതെന്നും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയുടെ ശമ്പള നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഹിന്ദി ഫുൾടൈം ലാംഗേജ് ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

7137 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 15.10.2010-ൽ ഇടുക്കി ജില്ലയിൽ നിലവിൽ വന്ന ഫുൾടൈം ജൂനിയർ ലാംഗേജ് ടീച്ചർ - ഹിന്ദി തസ്തികയുടെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇടുക്കി ജില്ലയിൽ പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ആയത് പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) 2013 മാർച്ച് 31-ന് ഇടുക്കി ജില്ലയിൽ പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മുതുവല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാന അധ്യാപക തസ്തിക</u>

7138 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ മുതുവല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്രധാന അധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇവിടെ പ്രധാന അധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിലെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>'ശിക്ഷാവിശാരദ്' ബിരുദമുള്ള ഹിന്ദി അദ്ധ്യാപകർ</u>

7139 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റവന്യൂജില്ലയിൽ താമരശ്ശേരി, കോഴിക്കോട് വിദ്യാഭ്യാസജില്ലകളിൽ 2009-2010, 2010-2011, 2011-2012 വർഷങ്ങളിൽ ഉത്തർപ്രദേശ് ഹിന്ദിസാഹിത്യസമ്മേളൻ നൽകിയ "ശിക്ഷാവിശാരദ്" ബിരുദമുള്ള എത്ര ഹിന്ദി അദ്ധ്യാപകരെ എയ്ഡഡ് സ്കൂളിൽ നിയമിച്ചിട്ടുണ്ട് ; അദ്ധ്യാപകരുടെ പേര്, തസ്തിക, സ്കൂൾ, വിദ്യാഭ്യാസജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) 2009-2010, 2010-2011, 2011-2012 വർഷങ്ങളിൽ താമരശ്ശേരി, കോഴിക്കോട് വിദ്യാഭ്യാസജില്ലകളിൽ പ്രസ്തുത "ഹിന്ദി ശിക്ഷാവിശാരദ്" ബിരുദമുള്ള എയ്ഡഡ് അദ്ധ്യാപികമാരുടെ ഏതെല്ലാം നിയമനങ്ങൾക്ക് ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ നിയമനാംഗീകാരം നൽകി ; നിയമനാംഗീകാരം നൽകികൊണ്ടുള്ള ഉത്തരവിന്റെ നമ്പർ, തീയതി അദ്ധ്യാപികയുടെ പേര്, സ്കൂൾ എന്നിവ വിദ്യാഭ്യാസജില്ല തിരിച്ച് നൽകാമോ ;

(സി) പ്രസ്തുത അദ്ധ്യാപിക/അദ്ധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ്, ശിക്ഷാവിശാരദ് യോഗ്യതയുടെ മാർക്ക് ലിസ്റ്റ്, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓരോ അദ്ധ്യാപക നിയമനത്തിന്റെ കാര്യത്തിലും ശിക്ഷാവിശാരദ് സർട്ടിഫിക്കറ്റിന്റെ നിർവ്യാജത്വം തെളിയിക്കുന്ന ഉത്തർപ്രദേശ് ഹിന്ദിസാഹിത്യസമ്മേളൻ യൂണിവേഴ്സിറ്റി അധികൃതർ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലെ നിയമനം</u>

7140

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 01.01.2008 മുതൽ 31.05.2012 വരെ ലോവർ പ്രൈമറി ടീച്ചർ തസ്തികയിൽ പ്രൊമോഷൻ, റിട്ടയർമെന്റ്, ട്രാൻസ്ഫർ, സർവ്വീസിലിരുന്നു മരണപ്പെട്ടത് എന്നീ നിലകളിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ട്;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ബാക്കി ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയുടെ അനുവദനീയ അംഗബലം എത്ര; ഇപ്പോൾ എത്ര പേർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര താത്ക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; അവസാനമായി ഏതു വർഷമാണ് പി.എസ്.സി. ഈ തസ്തികയിൽ നിയമന ശുപാർശ നൽകിയത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പത്തിയൂർ എസ്.കെ.വി.എച്ച്.എസിലെ വാസുദേവൻ നമ്പൂതിരിയുടെ നിയമനം</u>

7141 ശ്രീ. പി.സി വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ട പത്തിയൂർ എസ്.കെ.വി.എച്ച്.എസിലെ ക്ലാർക്കായി 29/05/2009 മുതൽ ജോലി ചെയ്തു വരുന്ന വാസുദേവൻ നമ്പൂതിരിയുടെ നിയമനം അംഗീകരിക്കുവാനുള്ള കാലതാമസം എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമനം അംഗീകരിക്കുവാൻ നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമനം അംഗീകരിച്ച് ടിയാന് ശമ്പളം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വെഞ്ഞാറമൂട് എൽ.പി. സ്കൂളിൽ സ്റ്റാഫ് ഫിക്സേഷൻ</u>

7142 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന യു.പി. വിഭാഗം ക്ലാസുകൾ വെഞ്ഞാറമൂട് എൽ. പി. സ്കൂളിലേക്ക് മാറ്റുന്നതിന് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) യു.പി. വിഭാഗം അദ്ധ്യാപകരെ എൽ.പി. സ്കൂളിലേക്ക് മാറ്റുമ്പോൾ ഇവരുടെ നിയന്ത്രണാധികാരം എൽ. പി. സ്കൂൾ ഹെഡ്മാസ്റ്റർക്ക് കൈമാറി എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ</u>

7143 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുളളതെന്ന് വിശദമാക്കുമോ ;

(ബി) മുൻ കൗൺസിൽ ഇക്കാര്യത്തിൽ എന്തൊക്കെ ശുപാർശകളാണ് സമർപ്പിച്ചിരുന്നത്; മുൻ സർക്കാർ അവയിൽ ഏതൊക്കെ നടപ്പാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ സ്കോളര്‍ഷിപ്പ്</u>

7144 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ നിലവില്‍ ഉന്നതവിദ്യാഭ്യസ സ്കോളര്‍ഷിപ്പ് നല്‍കിവരുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത സ്കോളര്‍ഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്താണ്; വിശദാംശം നല്‍കുമോ;

(സി) സ്കോളര്‍ഷിപ്പ് തുക വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പ്രസ്തുത സ്കോളര്‍ഷിപ്പ് തുക എത്ര പ്രാവശ്യം വര്‍ദ്ധിപ്പിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

നിലവാരമില്ലാത്ത പ്രൊഫഷണൽ വിദ്യാഭ്യാസം

7145 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച മൂലം എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പരീക്ഷയിൽ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം നിറുത്തി വയ്ക്കുന്നതിന് ഹൈക്കോടതി നിർദ്ദേശാനുസരണം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>ഡോ: ആർ.വി.ജി. മേനോൻ കമ്മിറ്റി റിപ്പോർട്ട്</u>

7146 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷകളെ സംബന്ധിച്ച് ഡോ: ആർ.വി. ജി. മേനോൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാന തലത്തിൽ നടത്തുന്ന എൻട്രൻസ് പരീക്ഷകൾ മലയാളത്തിലും എഴുതുന്നതിനുള്ള സൗകര്യം ഏർപ്പെടു
ത്തുമോ ;

(സി) എൻട്രൻസ് പരീക്ഷകളിൽ പ്ലസ് ടു മാർക്ക് കൂടി ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ബി.,എഡ്. എം.എഡ്. വിഭാഗങ്ങള്‍ക്ക് പ്രത്യേകം അദ്ധ്യാപകര്‍

7147 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബി.എഡ്., എം.എഡ്. വിഭാഗങ്ങള്‍ക്ക് പ്രത്യേകമായി അദ്ധ്യാപകര്‍ വേണമെന്നുള്ള നിബന്ധന പിന്‍വലിച്ചതിനുശേഷവും സര്‍ക്കാര്‍ ടീച്ചര്‍ എഡ്യൂക്കേഷന്‍ കോളേജുകളില്‍ ആയത് നിലനിര്‍ത്തുന്നുണ്ടോ ;

(ബി) എന്‍.സി.ടി.ഇ.-യുടെ നോട്ടിഫിക്കേഷന്‍ പ്രകാരം സര്‍ക്കാര്‍ കോളേജുകളില്‍ സ്റ്റാഫ് പാറ്റേണ്‍ പുതുക്കുന്നതുമായി ബന്ധപ്പെട്ട തുടര്‍നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന്
വ്യക്തമാക്കുമോ ;

(സി) പുതുക്കിയ രീതിയനുസരിച്ച് അദ്ധ്യാപക-വിദ്യാര്‍ത്ഥി അനുപാതം എത്രയാണ് ;

(ഡി) എം.എഡ്. വിഭാഗത്തിലേക്ക് റീഡിപ്ലോയ് ചെയ്തതിനെത്തുടര്‍ന്ന് ബി.എഡ്. വിഭാഗത്തില്‍ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചതുമൂലമുണ്ടായ അധികസാമ്പത്തിക ബാധ്യത എത്രയാണ് ; ബാധ്യത എത്രകാലം കൊണ്ട് തീര്‍ക്കാനാകും ;

(ഇ) എന്‍.സി.ടി.ഇ.യുടെ മാനദണ്ഡമനുസരിച്ച് പ്രസ്തുത അദ്ധ്യാപക വേര്‍തിരിവ് അവസാനിപ്പിക്കണമെന്ന് സംഘടനകള്‍ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ആയതിന്മേല്‍ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ടോട്ടൽ ഫീവേവർ സ്കീം

7148 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എഞ്ചിനിയറിംഗ് കോഴ്സിലേക്കുള്ള പ്രവേശനത്തിന് ടോട്ടൽ ഫീവേവർ സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട് ;

(സി) ഈ സംവിധാനം ഗുണകരമാണെന്ന് അഭിപ്രായമുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ</u>
<u>ഗസ്റ്റ് ലക്ചറർമാരുടെ വേതനം</u>

7149 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ അവർക്ക് നൽകുന്ന വേതനം എത്രയാണ്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ സ്ഥാപനം</u>

7150 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത് പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി യുടെ കീഴിൽ ഏതെങ്കിലും സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം കോഴ്സുകളാണ് നടത്താൻ ഉദ്ദേശിച്ചിരുന്നത് എന്നും സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ സൗകര്യപ്രദമായ മറ്റ് കേന്ദ്രങ്ങൾ അനുവദിച്ചാൽ സ്ഥാപനം തുടർന്ന് പ്രവത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളിലെ വിജയശതമാനം</u>

7151

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിലേയും, സ്വകാര്യ സ്വാശ്രയ പോളിടെക്നിക്കുകളിലേയും വിജയ ശതമാനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തെ വിജയശതമാനം മേഖലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) വിജയ ശതമാനം കുറഞ്ഞ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താൻ നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ടെക്നിക്കൽ ഹൈസ്കൂളുകളിൽ സിലബസ് പരിഷ്കരണം

7152 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലെ സാങ്കേതിക വിഷയങ്ങളുടെ സിലബസ് പരിഷ്കരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) സിലബസ് പരിഷ്കരിക്കുന്നുണ്ടെങ്കിൽ കോഴ്സ് ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സിലബസ് പരിഷ്കരണം ശാസ്ത്രീയമായ രീതിയിലാണോ നടക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സിലബസ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ ഏതെങ്കിലും മേഖലയിൽ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിലൊന്നും നടപ്പിലാക്കാത്ത നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിം എന്ന പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കെ. ജി. റ്റി. ഇ.(പ്രിന്റിംഗ്) പരീക്ഷ</u>

7153

ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ജി. റ്റി. ഇ.(പ്രിന്റിംഗ്) പരീക്ഷ എല്ലാ വർഷവും മുടക്കം കൂടാതെ നടത്താൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരീക്ഷ നടത്തുന്നതിനുള്ള ചുമതല മുൻപ് ആർക്കായിരുന്നു; പരീക്ഷാ നടത്തിപ്പിൽ നിന്ന് ഇവരെ ഒഴിവാക്കാൻ കാരണം എന്തായിരുന്നു;

(സി) നിലവിലുള്ള പഠന സമയം അനുസരിച്ച് സി-ആപ്റ്റ് നടത്തുന്ന പ്രിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന് സർക്കാർ ജീവനക്കാർക്കും മറ്റ് മേഖലയിൽ ജോലി ചെയ്യുന്നവർക്കും പഠിക്കാൻ അവസരം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കു കൂടി പഠനത്തിന് അവസരം ലഭിക്കത്തക്ക വിധമുള്ള ക്രമീകരണം ഏർപ്പെടുത്താൻ നടപ്പുസാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആര്‍ട്സ് & സയന്‍സ് കോളേജുകളുടെ എണ്ണം</u>

7154 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലായി എത്ര ആര്‍ട്സ് & സയന്‍സ് കോളേജുകളുണ്ട് ; അവയില്‍ സര്‍ക്കാര്‍/എയ്ഡഡ്/അണ്‍ എയിഡഡ് മേഖലയിലെ കോളേജുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ ;

(ബി) അണ്‍ എയിഡഡ് ആര്‍ട്സ് & സയന്‍സ് കോളേജുകളില്‍ കുട്ടികള്‍, അദ്ധ്യാപകര്‍ എന്നിവരുടെ എണ്ണം കോളേജു തിരിച്ച് ലഭ്യമാക്കുമോ ;

(സി) അണ്‍ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകര്‍ക്ക് നല്‍കുന്ന വേതനം സംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കില്‍ പകര്‍പ്പ് ലഭ്യമാക്കുമോ ;

(ഡി) അണ്‍ എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്ന തിനായി ഏതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പയ്യന്നൂർ മണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജ്</u>

7155 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഒരു കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പയ്യന്നൂർ മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വെച്ചൂച്ചിറയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ്</u>

7156

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ ട്രെയിനിംഗ് കോളേജുകളോ, ആർട്സ് & സയൻസ് കോളേജുകളോ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ്;

(ബി) എല്ലാ ജില്ലകളിലും സർക്കാർ കോളേജ് എന്ന നയമനുസരിച്ച് പ്രസ്തുത ജില്ലകളിൽ സർക്കാർ കോളേജുകൾ അനുവദിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(സി) പിന്നോക്ക മലയോര ജില്ലയായ പത്തനംതിട്ടയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജോ, ട്രെയിനിംഗ് കോളേജോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മലയോര മേഖലയിലെ വിദ്യാർത്ഥികൾ ഉന്നത പഠനാർത്ഥം കിലോമീറ്ററുകൾ താണ്ടേണ്ട അവസ്ഥയുള്ളതിനാലും, വെച്ചൂച്ചിറയിലെ വിമുക്തഭട കോളനി സൊസൈറ്റി കോളേജിനാവശ്യമായ സ്ഥലം സൗജന്യമായി സർക്കാരിന് ലഭ്യമാക്കാമെന്ന സമ്മതപത്രം നേരത്തേ തന്നെ നൽകിയിട്ടുള്ളതിനാലും വെച്ചൂച്ചിറ കേന്ദ്രീകരിച്ച് സർക്കാർ ആർട്സ് & സയൻസ് കോളേജ് ഈ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എളേരിത്തട്ട് നായനാർ മെമ്മോറിയൽ ഗവ: കോളേജിൽ ഡിഗ്രി കോഴ്സിൽ സയൻസ് ബാച്ച്</u>

7157 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ എളേരിത്തട്ട് നായനാർ മെമ്മോറിയൽ ഗവ: കോളേജിൽ മുൻ സർക്കാർ ഡിഗ്രി കോഴ്സിൽ സയൻസ് ബാച്ച് അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെയായും പ്രസ്തുത കോഴ്സ് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ എന്‍.എം.എസ്.എം കോളേജിന് അനുവദിച്ച യു.ജി.സി പദ്ധതികള്‍</u>

7158 ശ്രീ. എം.വി.ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ എന്‍.എം.എസ്.എം കോളേജിന് ഏതെല്ലാം പദ്ധതികള്‍ക്കാണ് യു.ജി.സി തുക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രാവര്‍ത്തികമാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർക്കാർ കോളേജുകളിലെ ലൈബ്രറികളും ലബോറട്ടറികളും</u>

7159 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ ലൈബ്രറികളിലും ലബോറട്ടറി കളിലും കാലപ്പഴക്കം ചെന്ന ഉപകരണങ്ങളാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി ലൈബ്രറികളും ലബോറട്ടറികളും നവീകരിക്കേണ്ടത് ആവശ്യ മാണെന്നു കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ കോളേജുകളിലെ ലൈബ്രറികളും ലബോറട്ടറികളും അടിയന്തിരമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ചവറയിൽ ഇഗ്നോ സെന്റർ

7160

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി സതേൺ റീജിയണൽ സെൻറർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതു പ്രകാരം പ്രസ്തുത സെന്റർ കൊല്ലം ജില്ലയിലെ ചവറയിലാണോ സ്ഥാപിക്കുന്നത് എന്നറിയിക്കിക്കുമോ;

(സി) സെന്റർ മറ്റേതെങ്കിലും സ്ഥലത്താണ് ആരംഭിക്കുന്നതെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) സെന്ററിനായി ചവറയിൽ കണ്ടെത്തിയിരുന്നത് ഏത് സ്ഥലമാണെന്നും എത്ര ഏക്കർ ആയിരുന്നുവെന്നും വിശദമാക്കുമോ;

(ഇ) സെന്റർ ചവറയിൽതന്നെ ആരംഭിക്കണമെന്ന് ആരെങ്കിലും നിർദ്ദേശിച്ചിരുന്നോ; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സെന്ററിറായി ഇതിനകം ലഭിച്ച ധനസഹായം എത്രയാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശീക കേന്ദ്രങ്ങൾ</u>

7161

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്;

(ബി) ഇതിൽ വാടക കെട്ടീടത്തിൽ പ്രവർത്തിക്കുന്ന പ്രാദേശിക കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വാടക ഇനത്തിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രാദേശിക കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പുതിയ കോളേജുകൾ അനുവദിക്കുന്നതിനുള്ള കോഴിക്കോട് സർവ്വകലാശാല തീരുമാനം</u>

7162 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് പുതിയ കോളേജുകൾ അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോളേജുകൾ എവിടെയെല്ലാം അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളേജുകൾ ഏതെല്ലാം മാനേജ്മെന്റുകൾക്കാണ് അനുവദിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) ഇതിൽ എത്ര കോളേജുകൾക്ക് ഇതിനകം അനുമതി നൽകിയെന്നും ശേഷിക്കുന്ന കോളേജുകൾക്ക് എന്നത്തേക്ക് അനുമതി നൽകുമെന്നും കോളേജുകളുടെ പേരുസഹിതം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനാണ് അപേക്ഷകർ ആവശ്യപ്പെട്ടിരുന്നതെന്നും ഏതെല്ലാം കോഴ്സുകളാണ് സിൻഡിക്കേറ്റ് അനുവദിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഇൻകൾകേറ്റ് പദ്ധതി

7163 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രരംഗത്ത് കഴിവുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ഈ രംഗത്ത് തുടരാനും പ്രഗ്ത്ഭരായ യൂണിവേഴ്സിറ്റി അദ്ധ്യാപകരെ മെന്റർമാരാക്കികൊണ്ട് പരിശീലനം നൽകാനുമായി രൂപപ്പെടുത്തിയിട്ടുള്ള ഇൻകൾകേറ്റ് പദ്ധതിയ്ക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സവിശേഷ പഠനരീതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇതിനോടകം എന്ത് തുക ഈ പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം</u>

7164 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഞ്ച് സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫ: ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതി ശുപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) അഞ്ച് സർവ്വകലാശാലകളിലും നല്ല രീതിയിൽ നടപ്പിലാക്കിയതും വിദ്യാർത്ഥികൾക്ക് ഗുണകരമായതുമായ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിൽ അഴിച്ചുപണി ആവശ്യമാണെന്ന് പ്രസ്തുത സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സമിതിയുടെ മറ്റ് ശുപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സമതി അംഗങ്ങൾ ആരൊക്കെയാണെന്നും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവർ നൽകിയ സംഭാവനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

(ഇ) പ്രസ്തുത സമിതിയിലെ ശുപാർശകൾ പലതും ഒരു വിഭാഗം അധ്യാപകർക്ക് മാത്രമേ ഗുണം ചെയ്യുകയുള്ളൂവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ സമീപനം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത സമിതിയുടെ പ്രവര്‍ത്തനങ്ങള്‍ക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ് ;

(ജി) സര്‍വ്വകലാശാലകളുടെ അധികാര പരിധയില്‍ വരുന്ന അക്കാദമിക് കാര്യങ്ങളില്‍ ഇത്തരത്തിലുള്ള ശുപാര്‍ശകള്‍ നടപ്പിലാക്കണമെന്ന് നിഷ്ക്കര്‍ഷിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല ഡിഗ്രി</u>
<u>5-ാം സെമസ്റ്റർ പരീക്ഷാ ഫലം</u>

7165 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഡിഗ്രി 5-ാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷ വീണ്ടും നടത്തുവാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഭൂമിക്കു വേണ്ടിയുള്ള ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ

7166 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
ഡോ. കെ.ടി. ജലീൽ
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എച്ച്. മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന സ്ഥാപനം സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയുണ്ടായോ ; എങ്കിൽ അപേക്ഷയിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന സ്ഥാപനം ഭൂമിക്കുവേണ്ടി കോഴിക്കോട് സർവ്വകലാശാലക്ക് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ഡി) അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയുണ്ടായോ ; എങ്കിൽ എന്ന്; എന്ത് തീരുമാനമാണ് അപേക്ഷയിന്മേൽ കൈക്കൊണ്ടി ട്ടുളളത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിക്കുവേണ്ടി കോഴിക്കോട് സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചതാര്; പേരും വിലാസവും വെളിപ്പെടുത്തുമോ ;

(എഫ്) ഗ്രേയ്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷയിന്മേൽ വിവിധ ഘട്ടങ്ങളിലായി സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്ത തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് എം.ജി. യൂണിവേഴ്സിറ്റികളിൽ അസി. പ്രൊഫസർമാരുടെ ശമ്പളം ലഭിക്കുന്നതിനുള്ള നടപടികൾ</u>

7167 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എം.ജി. യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള വിവിധ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം എം.എ. കോളേജിൽ 2011 ജൂണിൽ അസി. പ്രൊഫസർ ആയി ജോലിയിൽ പ്രവേശിച്ച ശ്രീ. സജിൻപോളിന് ശമ്പളം ലഭിക്കാത്ത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) അസി. പ്രൊഫസർമാരക്ക് ശമ്പളം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കൊച്ചിന്‍ ശാസ്ത്ര സാങ്കേതിക സര്‍വ്വകലാശാലയിലെ</u>
<u>അസിസ്റ്റന്റ് തസ്തികയിലെ നിയമനം</u>

7168 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചിന്‍ ശാസ്ത്ര സാങ്കേതിക സര്‍വ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കില്‍ വിശദാംശം നല്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റില്‍ നിന്നും നാളിതുവരെ എത്ര പേര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ട് ; നിലവില്‍ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോള്‍ താല്ക്കാലികാടിസ്ഥാനത്തില്‍ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ ;

(ഡി) താല്ക്കാലികമായി നിയമിച്ചവരെ പിരിച്ച് വിട്ട് പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 16.07.2012-ലെ മറുപടിക്ക്

<u>നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

7169

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടു പ്രകാരം സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുളളത്; അവയുടെ പേരു വിവരം വ്യക്തമാക്കാമോ;

(ബി) നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളെജുകൾ അടച്ചു പൂട്ടുന്നകാര്യം പരിഗണിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം</u>

7170

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ എന്നുമുതലാണ് പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് എസ്. സി/എസ്. റ്റി. വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയതെന്നും എന്നുമുതലാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ഇ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ കഴിഞ്ഞ വർഷം പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കോളേജ് തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മാനേജ്മെന്റുകളുമായി കരാർ</u>

7171 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളുമായി എന്നാണ് കരാർ ഒപ്പ് വച്ചത് ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

(ബി) എല്ലാ സ്വാശ്രയ മാനേജ്മെന്റും കരാറിൽ ഒപ്പു വച്ചിട്ടുണ്ടോ; ഏതെങ്കിലും മാനേജ്മെന്റ് വിട്ടു നിന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും
നിയമനിർമ്മാണവും

7172 ശ്രീ. എളമരം കരീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; അവയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങളിലെ നിയമനവും വിദ്യാർത്ഥി പ്രവേശനവും ഫീസ് ഈടാക്കലും സംസ്ഥാനത്ത് ഏതെങ്കിലും നിയമത്തിലധിഷ്ഠിതമായാണോ നടത്തുന്നത്; അല്ലെങ്കിൽ അതിനായി സമഗ്ര നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈക്കോടതി വിധിപ്രകാരം ഈ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സിന് അംഗീകാരം

7173 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും അതേ കോളേജുകളിൽ നിന്നും പഠിച്ചിറങ്ങിയ ബി.ടെക്.ബിരുദധാരികളാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2013-14 അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക്. ഡിഗ്രി ഉള്ളവരെ നിയമിക്കാത്ത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുമെന്ന എ.ഐ.സി.ടി.ഇ.യുടെ നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കാണ് എം.ടെക്. കോഴ്സ് തുടങ്ങാൻ സർക്കാർ അനുമതി നൽകിയത്; ഇതിന് എ.ഐ.സി.ടി.ഇ.യുടെ അനുമതി കിട്ടിയിട്ടുണ്ടോ; ഇപ്രകാരം എം.ടെക്. കോഴ്സ് തുടങ്ങാൻ സർക്കാർ അനുമതി നൽകിയ സ്വാശ്രയ കോളേജുകൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഏഴ് സെമസ്റ്ററുകളിൽ നിശ്ചിത ശതമാനം വിജയം പുലർത്തുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്ക് മാത്രം എം.ടെക്. കോഴ്സ് അനുവദിച്ചാൽ മതിയെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനമനുസരിച്ചാണോ ഇപ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്. തുടങ്ങാൻ സർക്കാർ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സർക്കാർ സ്വകാര്യ സ്വാശ്രയ പോളിടെക്നിക്കുകൾ</u>

7174 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേലയിൽ സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകളാണ് നിലവിലുളളത് ; സർക്കാർ സ്വകാര്യ മേഖല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ-സ്വാശ്രയ പോളിടെക്നിക്കുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ പരിഗണനയിലുണ്ട് ; ഇതിൽ എത്ര അപേക്ഷകൾക്ക് എ. ഐ. സി. ടി. ഇ. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; അനുമതി നൽകിയ സ്ഥാപനങ്ങളുടെ പേരുകൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സർക്കാർ -സ്വാശ്രയ പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ട് ; ഏത് മാനേജ്മെന്റ്കൾക്കാണ് ഇവ ആനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ; സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ടെക്നിക്കൽ ഹൈസ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ, പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനിയറിംഗ് മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക്</u>

7175 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്വാശ്രയ എൻജിനിയറിംഗ്, മെഡിക്കൽ കോളേജുകളിലെ മെറിറ്റ്, മാനേജ്മെൻറ് സീറ്റുകളിലെ ഫീസ് നിരക്ക് ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ശതമാനം വർദ്ധനയാണ് വരുത്തിയിട്ടുള്ളതെന്നും വർദ്ധിപ്പിക്കാനുണ്ടായ കാരണമെന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളുടെ നിലവാരം</u>

7176 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുളള വിശദാംശം നൽകുമോ ;

(ബി) വിജയം നാൽപത് ശതമാനത്തിൽ താഴെയുളള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന ബഹു.ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ ;

(സി) അടിസ്ഥാന സൗകര്യം, ഫാക്കൽറ്റി എന്നിവയുടെ കാര്യത്തിൽ ശരാശരിയിൽ താഴെ നിലവാരമുളള എത്ര സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നാണ് ബഹു: ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുളളത് ; പ്രസ്തുത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണന്നും ഏത് സർവ്വകലാശാലയുടെ കീഴിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുളള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ശരാശരി, തൃപ്തികരമായ, നല്ല മികച്ച നിലവാരമുളളവ എന്നിങ്ങനെ തരം തിരിച്ചുളള ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഇ) ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ച</u>

7177

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ച പരിശോധിക്കാൻ ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കോളേജുകളെ സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം വിശദമാക്കാമോ;

(ഡി) പ്രസ്തുത കോളേജുകളെ സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക്
അനുമതി നൽകുന്ന നയം</u>

7178 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 40 ശതമാനം വിജയമില്ലാത്ത എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച നയം എന്താണ്; വ്യക്തമാക്കുമോ; ഹൈക്കോടതിവിധിയുടെ വെളിച്ചത്തിൽ ഇപ്പോൾ തുടർന്നുവരുന്ന നയം പുനഃപരിശോധിക്കുമോ;

(സി) ഈ സർക്കാർ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഇതിനകം നൽകിയ അനുമതി മരവിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരതകർച്ച</u>

7179 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഉണ്ടായ നിലവാരത്തകർച്ച ഈ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ അശാസ്ത്രീയമായ നടപടികൾമൂലമാണെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

സ്വകാര്യ-സ്വാശ്രയ-എൻജിനീയറിംഗ് കോളേജുകളുടെ
പ്രവർത്തനം - സമിതിയുടെ പഠനം

7180 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ - സ്വാശ്രയ - എൻജിനീയറിംഗ് കോളേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഏതെങ്കിലും സമിതി പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമിതി രൂപീകരിച്ചത് ;

(ബി) സമിതിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്നും സമിതിയുടെ കണ്ടെത്തലുകൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സ്വകാര്യ-സ്വാശ്രയ-എൻജിനീയറിംഗ് കോളേജുകളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

7181 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ - സ്വാശ്രയ - എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ അടക്കമുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. പാറ്റേൺ പ്രകാരം ശമ്പളം നൽകുന്ന സ്വകാര്യ - സ്വാശ്രയ - എൻജിനീയറിംഗ് കോളേജുകൾ സംസ്ഥാനത്തുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) എ.ഐ.സി.റ്റി.ഇ. പാറ്റേൺ പ്രകാരം ശമ്പളം ലഭിക്കുന്ന കോളേജുകളിൽ മിനിമം വേതനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോളേജുകൾ</u>

7182 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ അനുവദിക്കുവാൻ തുടങ്ങിയത് ഏത് വർഷം മുതലാണെന്ന് അറിയിക്കാമോ ;

(ബി) അന്ന് മുതൽ ഓരോ വർഷവും ഓരോ മേഖലയിലും എത്ര വീതം സ്ഥാപനങ്ങളാണ് അനുവദിച്ചതെന്നും ഇപ്പോൾ ആകെ എത്ര സ്ഥാപനങ്ങളാണ് നിലവിലുള്ള തെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ/എൻജിനീയറിംഗ് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ ധാരണാപത്രം</u>

7183 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ/എൻജിനീയറിംഗ് മാനേജ്മെന്റുകളുമായി ഏറ്റവും ഒടുവിൽ ഉണ്ടാക്കിയ ധാരണപത്രത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രിവിലേജ് സീറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കാമോ ;

(സി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര രൂപയാണ് ഫീസിനത്തിൽ വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത് ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയ സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

7184 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2006-11) ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്നും, ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ സംവരണ സീറ്റുകൾ</u>

7185 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളാണ് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്;

(ബി) കരാർ പ്രകാരം വിവിധ സംവരണ വിഭാഗങ്ങൾക്കും കരാർ പ്രകാരമുള്ള മറ്റു സംവരണങ്ങൾക്കും ഉള്ള സീറ്റുകളുടെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങൾ പാലിക്കാത്ത സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുമതി</u>

7186 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെ സ്വാശ്രയ കോളേജുകളും അവയ്ക്ക് വിവിധ കോഴ്സുകളും അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലവിലുള്ള സിൻഡിക്കേറ്റുകൾ അധികാരമേറ്റശേഷം സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചത് ; വ്യക്തമാക്കാമോ ; ഇതിൽ എത്ര എണ്ണം പരിഗണിച്ചു ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് അനുമതി നൽകി ;

(സി) അനുമതി ലഭിച്ച സ്ഥാപനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനു ള്ളിൽ അപേക്ഷ സമർപ്പിച്ചിരുന്നുവോ ;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും, മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളും വിവാദങ്ങളും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ പഠന നിലവാരം</u>

7187 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, എം. ഹംസ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാര തകർച്ചയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഈ സർക്കാരിന്റെ കാലത്ത് ബഹു: ഹൈക്കോടതി ഈ വിഷയം സംബന്ധിച്ച് എന്തെല്ലാം നിരീക്ഷണങ്ങളാണ് നടത്തിയിട്ടുളളത്; എന്തെല്ലാം ഉത്തരവുകളാണ് നൽകിയിട്ടുളളത്; വിശദമാക്കുമോ ;

(ബി) ഇതനുസരിച്ച് എത്ര സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളാണ് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചിട്ടുളളത് ;

(സി) സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ ആദ്യമായി അനുവദിച്ചത് എപ്പോഴായിരുന്നു ; ആ സമയത്ത് കോളേജുകളുടെ നിലവാരം പ്രവേശനം, ഫീസ് എന്നീ കാര്യങ്ങളിൽ മാനേജുമെന്റുകളുമായി കരാറിലേർപ്പെട്ടിരുന്നോ ; വിശദമാക്കുമോ ?